## പതിനാലാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1475 — 30.01.2018 - ൽ മറുപടിയ്ക്ക്

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ഭവനനിർമ്മാണ ബോർഡ് മുഖേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കി വരുന്നത്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് ഭവനനിർമ്മാണ ബോർഡ് മുഖേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നീ പദ്ധതികളാണ് ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്നത്; ടി പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭവന നിർമ്മാണ ബോർഡ് മുഖേന ഇത്തരത്തിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കി യിട്ടുണ്ട് ; ഇവയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാഫല്യം ഭവന പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കി യിട്ടില്ല.<br><br>ഗൃഹശ്രീ ഭവന പദ്ധതി 2013-14 വർഷം മുതൽ തുടർന്നു വരുന്ന സ്കീമാണ്. 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്കും 2015-16 വർഷത്തിൽ അനുവദനീയമായ 1988 വീടുകൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഴുവൻ ഗഡുക്കളും നൽകി |

നിർമ്മാണം പൂർത്തീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം 2014-15 | അനുവദനീയമായ വീടുകൾ | പൂർണ്ണമായും ഗഡുക്കൾ നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകിയവ | |
|---|---|---|---|
| | | 2016-17 | 2017-18 |
| 2014-15 | 709 | 146 | 32 |
| 2015-16 | 1988 | 816 | 280 |

(സി) അടുത്ത 3 കൊല്ലത്തിനുള്ളിൽ എത്ര പേർക്ക് വീട് നൽകാൻ സാമ്പത്തിക സഹായം നൽകാനാണ് ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത് ?

(സി) പഞ്ചായത്തുകളുടെ നിസ്സഹകരണം മൂലം സാഫല്യം ഭവന പദ്ധതി തുടർന്നു നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആയതിനാൽ സാഫല്യം ഭവന പദ്ധതി തുടർന്നു നടപ്പിലാക്കാൻ ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗൃഹശ്രീ ഭവന പദ്ധതിയിലൂടെ 5000 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് സബ്സിഡി നൽകുന്നതിനായി 10,000/- ലക്ഷം രൂപ 2018-19 വർഷത്തെ ബഡ്ജറ്റിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നുള്ള 2 വർഷങ്ങളിലും ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് ബോർഡ് ഗൃഹശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

Subha

സെക്ഷൻ ഓഫീസർ

1. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതി 2011-12 വർഷം മുതൽ ബഡ്ജറ്റിലൂടെ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിലൂടെ 327 ച.അടി (സർവ്വീസടക്കം തറ വിസ്തീർണ്ണം) വിസ്തൃതിയിലുള്ള ഫ്ലാറ്റുകളാണ് 3.50 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നത്. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിലൂടെ ലഭ്യമാകുന്നുണ്ട്. ഒരു ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000/- രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ ലഭ്യമാകാത്തതിനാൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

നിലവിൽ അംഗീകരിച്ചിട്ടുള്ള നിർമ്മാണച്ചെലവായ 3.5 ലക്ഷം രൂപ/ഫ്ലാറ്റിൽ നിർമ്മാണം പൂർണ്ണമായി പൂർത്തീകരിക്കാനാവുന്നില്ല. കൂടാതെ പഞ്ചായത്തുകളുടെ നിസ്സഹകരണം മൂലം ബോർഡിന് സാഫല്യം പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. സാഫല്യം ഭവന പദ്ധതിയിലൂടെ കൊല്ലം ജില്ലയിൽ ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും കൊഴിക്കോട് ജില്ലയിൽ ചേളന്നൂരിൽ 66 ഫ്ലാറ്റുകളും എറണാകുളം ജില്ലയിൽ ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(1) **ഗൃഹശ്രീ ഭവനപദ്ധതി**

ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/ താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി കേരള സർക്കാരിനുവേണ്ടി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാമാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന

ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ /എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണപുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. ടി പദ്ധതി പ്രകാരം പണിയാവുന്ന വീടിന്റെ പരമാവധി വിസ്തീർണ്ണം 83 ച. മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരമുള്ള അർഹതാമാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ് .

(എ) കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യരേഖയ്ക്ക് താഴെ (ബി.പി.എൽ) ഗുണഭോക്താക്കൾ അർഹരാണ്.

(ബി) കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EMS) ദാരിദ്ര്യരേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി..എൽ) ഗുണഭോക്താക്കൾ അർഹരാണ്.

(സി) കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്.

കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലുതവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

(1) ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും)
(3) വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും.)
(4) വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
(5) റേഷൻകാർഡിന്റെ പകർപ്പ് ( സ്വയം സാക്ഷ്യപ്പെടുത്തിയത്)
(6) 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്
(7) ഭവന രഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
(8) ഭവന നിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
(9) പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.
(10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോ കോപ്പി.
(11) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST) വിഭാഗത്തിന് മാത്രം.

Subha S